# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടപ്പറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-(9)/2155/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/11/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടപ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം-(9)/2155/2023 തീയ്യതി: 04/11/2023

## മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-11-2022 മുതൽ 10-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ. ടി.കെ. -ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് സലീം ടി. -അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അമീൻ ഫൈസൽ. ടി.ടി. -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഷീബ. പി. -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സഫിയ വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അനീസ് ബാബു.എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 09-05-2022 |

| | | | |
|---|---|---|---|
| പി. | | | |
| ശ്രീ. ഉണ്ണി കെ. | സെക്രട്ടറി | 10-05-2022 | 03-10-2022 |
| ശ്രീ. രാജേന്ദ്രകുമാർ എ. | സെക്രട്ടറി | 04-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. യൂസഫ് കെ.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 20-12-2022 |
| ശ്രീ. ആഷ കെ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 21-12-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ നാസർ കെ. | വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. തോമസ്സ്. ടി.ടി. | കൃഷി ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീ. മാരിയത്ത് കിബിത്തിയ കെ. | കൃഷി ഓഫീസർ | 01-08-2022 | 31-03-2023 |
| ശ്രീമതി. നിർമ്മല | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 11-07-2022 |
| ശ്രീമതി. ദേവിക പി. വി. | ഹെഡ്മിസ്ട്രസ്സ് | 12-07-2022 | 31-03-2023 |
| ശ്രീമതി. സഫിയ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 30-09-2022 |
| ശ്രീമതി. സിദറത്തുൽ മുൻതഹ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-10-2022 | 31-12-2022 |
| ശ്രീമതി. സൈഫുന്നീസ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-01-2023 | 31-03-2023 |
| ഡോ.സജ്ന .പി.എച്ച്. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.മുഹമ്മദ് ഷഫീഖ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. സൈഫുദ്ധീൻ. പി. | വെറ്ററിനറി സർജൻ | 01-04-2022 | 04-07-2022 |
| ഡോ. അൻവർ. കെ. പി. | വെറ്ററിനറി സർജൻ | 05-07-2022 | 31-08-2022 |
| ഡോ. നയന കെ. ബി. | വെറ്ററിനറി സർജൻ | 01-09-2022 | 31-03-2023 |
| ശ്രീ.അനീസ് ബാബു.എ. പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 15-11-2022 |
| ശ്രീമതി. റഹീന എ. എ. | അസിസ്റ്റന്റ് സെക്രട്ടറി | 16-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പും യഥാർത്ഥ ബാങ്ക് ബുക്ക് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമല്ല. | 1-1-3 |
| 5 | ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | തേയ്മാനം കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. | 1-1-5 |
| 7 | പ്രതിമാസ റീകൺസിലിയേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | ഗ്രാന്റ് വിനിയോഗം അവലോകനം | 1-4-1 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം | 1-5-1 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-6-1 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാ**ൻ** അവശേഷിക്കുന്ന മു**ൻ**കൂറുകൾ - അവലോകനം. | 1-11 |
| 22 | തനത് വരുമാന സമാഹരണം - അവലോകനം. | 1-12 |
| 23 | മാനവൽ രസീതി ഉപയോഗത്തിലെ അപാകതകൾ | 1-13 |
| 24 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ | 1-14 |

| | | |
|---|---|---|
| | ലഭ്യമായിട്ടില്ല | |
| 25 | വാഴകൃഷി വികസനം -സബ്സിഡി അധികം നൽകി. | 1-15 |
| 26 | MO (PHC) വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല. | 1-16 |
| 27 | PHC -മരുന്ന് പൂർണ്ണമായി ലഭ്യമായില്ല | 1-17 |
| 28 | ഭവന നിർമ്മാണം - പ്രൊജക്റ്റ് പുരോഗതി കൈവരിച്ചില്ല. | 1-18 |
| 29 | മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല. | 1-19 |
| 30 | ലൈബ്രറി സെസ്സ് അടവാക്കൽ -അപാകതകൾ | 1-20 |
| 31 | ഡപ്പോസിറ്റ് /മുൻകൂർ നൽകൽ -വിനിയോഗ വിവരം ലഭ്യമാക്കണം | 1-21 |
| 32 | എസ്.എസ്.കെ വിഹിതം നൽകൽ -അപാകതകൾ | 1-22 |
| 33 | ആസ്തി രജിസ്റ്റർ കാലികമാക്കൽ -പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 34 | എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ | 1-24 |
| 35 | പഞ്ചായത്ത് ഓഫീസിൽ സോളാർ സ്ഥാപിക്കൽ -അപാകതകൾ | 1-25 |
| 36 | ഇലക്ട്രിഫിക്കേഷൻ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-26 |
| 37 | പഞ്ചായത്ത് ഓഫീസലേക്ക് കമ്പ്യൂട്ടർ ഉപകണങ്ങൾ വാങ്ങൽ -അപാകതകൾ | 1-27 |
| 38 | പഞ്ചായത്ത് കോൺഫ്റൻസ് ഹാൾ നവീകരണം- അപാകതകൾ | 1-28 |
| 39 | അഗതി രഹിത കേരളം -മോണിട്ടറിങ് കാര്യക്ഷമമാക്കണം | 1-29 |
| 40 | എം.സി.എഫ് -പാഴ് വസ്തുക്കൾ നീക്കം ചെയ്യൽ- അപാകതകൾ | 1-30 |
| 41 | ഹരിത കർമ്മസേന -അവലോകനം | 1-31 |
| 42 | കുടിവെള്ള പദ്ധതിക്ക് (എസ്.സി)മോട്ടോർ മാറ്റൽ -അപാകതകൾ | 1-32 |
| 43 | പഞ്ചായത്ത് സ്മാർട്ട് ഓഫീസ് -അപാകതകൾ | 1-33 |
| 44 | തുല്യതാ പരീക്ഷ -തുടർ നടപടി വിവരം ലഭ്യമാക്കണം | 1-34 |
| 45 | മറ്റ്ഏജൻസികൾക്ക് മുൻകൂർ നൽകൽ -വിനിയോഗ വിവരം ലഭ്യമാക്കണം | 1-35 |
| 46 | പഞ്ചായത്ത് ഓഫീസിലെ മോട്ടോർ മാറ്റിവെയ്ക്കൽ -അപാകതകൾ | 1-36 |
| 47 | പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-37 |
| 48 | മരാമത്ത് പ്രവർത്തികൾ -ഓഡിറ്റ് പരാമർശം- 41103/- രൂപ അടവാക്കി. | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വാഴകൃഷി വികസനം -സബ്സിഡി 224400/ രൂപ അധികം നൽകി. | 3-1 |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് എടപ്പറ്റ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12. .2023 ലെ 2(1) തീരുമാന പ്രകാരം തയ്യാറാക്കി 22.7.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള എടപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി:

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## 1-1-1 റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പും യഥാർത്ഥ ബാങ്ക് ബുക്ക് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ക്രമ നമ്പർ | ബാങ്ക് അക്കൌണ്ട് | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|
| 1 | കനറ ബാങ്ക് 5417101002073 | 14398181 | 14309085 | 89096 |
| 2 | കനറ ബാങ്ക് 5417201000007 | 1976255 | 1917911 | 58344 |

| | | | | |
|---|---|---|---|---|
| 3 | SBI ലൈഫ് 00000038057881037 | 24249301 | 8729389 | 15519912 |
| 4 | Sub Treasury Perinthalmanna 799013000001156 | -208987 | 5896386 | 6105373 |
| 5 | Sub Treasury, Perinthalmanna 799011400001602 | 0 | 726632 | 726632 |
| 6 | State Bank Of Travancore 67220845190 | 757308 | 752300 | 5008 |
| 7 | Canara Bank- Jalanidhi Sustainability 5417101005511 | 254867 | 19856 | 235011 |
| 8 | Other Co-operative Bank 701 | 485 | 0 | 485 |
| 9 | Other Co-operative Bank 1286 | 23 | 0 | 23 |

കുറിപ്പ്-റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പും യഥാർത്ഥ ബാങ്ക് ബുക്ക് നീക്കിയിരിപ്പും തമ്മിൽ വ്യത്യാസം ഉള്ളതിനാൽ റീകൺസിലിയേഷൻ ചെയ്ത തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.34/16.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-3 ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമല്ല.

വാർഷിക കണക്കിലെ ഷെഡ്യൂൾ B-12 പ്രകാരം മലപ്പുറം കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിൽ ഷെയർ ആയി നിക്ഷേപിച്ച 5000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-4 ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം നൽകി കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-5 തേയ്മാനം കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-6 പ്രതിമാസ റീകൺസിലിയേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-1-7 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 20156319/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 12896948/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

| 2022 -23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/23.3.2022 | 3(1)/09.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31828538 |
| വരവ് | 280358616 |
| ആകെ | 312187154 |
| ചെലവ് | 260202297 |
| നീക്കിയിരിപ്പ് | 51984857 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14540836 | 14540836 | 14540005 | 831 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3954601 | 3954601 | 3954486 | 115 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 240050 | 240050 | 240050 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied ) | 0 | 5183801 | 5183801 | 5714552 | -530751 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 6842752 | 6842752 | 4551649 | 2291103 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 15768000 | 15768000 | 13470560 | 2297440 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4791000 | 4791000 | 4635176 | 155824 |

കുറിപ്പ്: ചുവടെ ചേർത്ത ഇനങ്ങളിൽ ACR പ്രകാരമുള്ള ചെലവ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്, AFS പ്രകാരമുള്ള ചെലവ് എന്നിവ ചുവടെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ACR പ്രകാരമുള്ള ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 14540005 | 14793729 | 13547226 |
| വികസന ഫണ്ട് (എസ്.സി.പി.) | 3954486 | 4711885 | 4711885 |
| വികസന ഫണ്ട് (ടി.എസ്.പി.) | 240050 | 221950 | 221950 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied ) | 4551649 | 4551649 | 3901383 |
| സെൻട്രൽ ഫിനാൻസ് | 5714552 | 5502362 | 3373586 |

| | | | |
|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (Un Tied ) | | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4635176 | 4615176 | 4615176 |

## 1-4-1 ഗ്രാന്റ് വിനിയോഗം അവലോകനം

തൻ വർഷം ലഭ്യമായ 5.23 കോടി രൂപ സർക്കാർ ഗ്രാന്റിൽ ക്യൂ ബിൽ ഒഴികെ 4.71 കോടി (90%)ചെലവഴിക്കപ്പെട്ടു .0.52 ലക്ഷം രൂപ ലാപ്സായി വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി. ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 14540836 | 14540836 | 14540005 | 831 | 99.00% |
| പ്ലാൻ (SCP) | 0 | 3954601 | 3954601 | 3954486 | 115 | 99.00% |
| പ്ലാൻ (TSP) | 0 | 240050 | 240050 | 240050 | 0 | 100% |
| CFC (Untied ) | 0 | 6245303 | 6245303 | 5714552 | 530751 | 91.00% |
| CFC (TIED) | 0 | 6842752 | 6842752 | 4551649 | 2291103 | 67.00% |
| റോഡ് (MG) | 0 | 15768000 | 15768000 | 13470560 | 2297440 | 85.00% |
| റോഡിതരം (MG) | 0 | 4791000 | 4791000 | 4635176 | 155824 | 97.00% |
| ആകെ | 0 | 52382542 | 52382542 | 47106478 | 5276064 | 90.00% |

കുറിപ്പ്: CFC (Untied) ൽ പെർഫോമൻസ് ഗ്രാന്റ് ഉൾപ്പെടെയുള്ള തുകയാണ് വരവായി ചേർത്തിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 231 | 140005141 | 159 | 69587156 | 0 | 72 | 68.83 |

## 1-5-1 പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം

22-23 വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പടെ 231 പ്രൊജക്കുകൾക്ക് അംഗീകാരം ലഭ്യമാക്കിയതിൽ 158 എണ്ണം (68%) നിർവ്വഹണം നടത്തി 73 എണ്ണം സ്പിൽ ഓവർ ആയി . വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്കുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 0 | 2335000 | 2335000 | 100.00% |
| വെറ്റിനറി | 10 | 9 | 1 | 3900840 | 3615036 | 93.00% |
| MO (PHC) | 10 | 9 | 1 | 3247789 | 2771339 | 85.00% |
| MO(ISM) | 3 | 3 | 0 | 675000 | 675000 | 100.00% |
| വി.ഇ.ഒ | 22 | 21 | 1 | 69282647 | 24198767 | 35.00% |
| ഐ.സി.ഡി.എസ് | 10 | 6 | 4 | 7194605 | 5945940 | 83.00% |
| സെക്രട്ടറി | 57 | 40 | 17 | 19459737 | 11032196 | 56.00% |
| അസി.എൻജിനിയർ | 93 | 47 | 46 | 31439021 | 16802752 | 53.00% |
| എച്ച്.എം | 8 | 6 | 2 | 693376 | 518079 | 75.00% |
| അസി.സെക്രട്ടറി | 13 | 13 | 0 | 1777126 | 1693047 | 95.00% |
| ആകെ | 231 | 159 | 72 | 140005141 | 69587156 | 50.00% |

പൂർണ്ണതോതിലുള്ള പദ്ധതി നിർവ്വഹണം ഉറപ്പാക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1803 | 853542 | 855345 | 855340 | 5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32301320 | 32301320 | 32301320 | 0 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി അവലോകനം

22-23 തൊഴിലുറപ്പ് പദ്ധതി അവലോകനം

| ക്രമനം. | വിശദാംശം | 22-23 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3966 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3966 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 294 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 37644300 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 131 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 130 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 52 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 33156665 |
| 9 | തൻവർഷത്തെ ചെലവ് | 33156660 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1297 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1270 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 574 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | - |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | - |

2022-23വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 52 പ്രവർത്തികൾ തൊഴിലുറപ്പുപദ്ധതിപ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്

| പ്രവർത്തി | എണ്ണം |
|---|---|
| റോഡ് | - |
| കോഴിക്കൂട് | 7 |
| ആട്ടിൻകൂട് | 8 |
| തൊഴുത്ത് | 5 |
| സോക്ക് പിറ്റ് | 23 |
| കിണർ | 7 |
| കമ്പോസ്റ്റ് | 2 |
| ആകെ | 52 |

രജിസ്റ്റർ ചെയ്ത എല്ലാ ഗുണഭോക്താക്കൾക്കും 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാവുന്ന തരത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി നിർവ്വഹണം നടത്തുന്നുണ്ടെന്ന് മോണിട്ടറിങ്ങിലൂടെ ഉറപ്പ് വരുത്തേണ്ടതാണ്

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3034800 | 266 |
| വിധവാ പെൻഷൻ | 11089300 | 1026 |
| വാർദ്ധക്യകാല പെൻഷൻ | 14405700 | 1462 |
| വികലാംഗ പെൻഷൻ | 3546000 | 323 |
| വിവാഹ ധനസഹായം | 150000 | 5 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 449600 | 41 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2023ന് 11.40 Amന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 25141/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

- അടിയന്തിര പ്രൊജക്ടുകൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിൽ മോണിട്ടറിങ് സമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല (ഉദാ-പഞ്ചായത്ത് കോൺഫറൻസ് ഹാൾ )
- ഒരേ ആവശ്യങ്ങൾക്കായി ഒരു പ്രൊജക്ട് തയ്യാറാക്കേണ്ടിയിരുന്നതിന് പകരം വിവിധ പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നത് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ഇടപെടൽ കാര്യക്ഷമമല്ലാത്തതിനാലാണ്.(ഉദാ-പഞ്ചായത്തിലേക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്കും കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ )
- എം.സി.എഫ് കാര്യക്ഷമമാക്കാൻ സർക്കാർ നിർദ്ദേശമുണ്ടായിട്ടും നാളിതുവരെയായി എം.സി.എഫ് സ്ഥിരം കെട്ടിടം ,മിനി എംസി.എഫ് എന്നിവ നടപ്പിലാക്കിയിട്ടില്ല
- അക്രഡിറ്റഡ് ഏജൻസികൾമുഖേന നിർവ്വഹണം നടത്തുന്ന പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.
- പ്രൊജക്ട് പൂർത്തീകരണത്തിൽ മോണിട്ടറിങ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ല.
- എസ്.സി കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പിന് ഗുണഭോക്തൃ കമ്മറ്റികൾ രേഖാമൂലം രൂപീകരിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2022 | 2022 നവംബർ | 19.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.1.2019 | 2013-14 മുതൽ 2017-18 വരെ | 15.3.2019 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ വിനിയോഗ സാക്ഷ്യപത്രംലഭ്യമാക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:2/22-23/11.9.22 ) താഴെ പ്പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ഫണ്ട് ഇനം | ചെലഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|---|
| 1 | 31/21-വിവധ വാർഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2020-21 | കെ.എസ്.ഇ.ബി | 1299988 | സി.എഫ്.സി | 0 | 1299988 |
| 2 | കല്ലിൻകുന്ന് കുഴൽ കിണർ നിർമ്മാണം | 2021-22 | GWD | 45661 | CFC | 0 | 45661 |
| 3 | മാടമ്പി-കുഴൽകിണർ നിർമ്മാണം | 2021-22 | GWD | 61177 | CFC | 0 | 61177 |
| 4 | വെള്ളിയഞ്ചേരി കുഴൽ കിണർ നിർമ്മാണം | 2021-22 | GWD | 70000 | CFC | 0 | 70000 |
| 5 | പുളിയക്കോട് -കുഴൽ കിണർനിർമ്മാണം | 2021-22 | GWD | 75000 | CFC | 0 | 7500 |
| | | | | | | ആകെ | 1484326 |

മേൽ പ്രകാരം അവശേഷിക്കുന്ന പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതും തുക ക്രമീകരിച്ച് ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-12 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി എടപ്പറ്റ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം .

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 13 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും

നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

2) വസ്തുനികുതി .

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എടപ്പറ്റ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ച് വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ച് കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച് കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 23.06.2023 ന് പരസ്യപ്പെടുത്തുകയും 27.8.2023ന് അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

3).മേഖലാ തരംതിരിവ്, റോഡുകളുടെ വർഗീകരണം എന്നിവ സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

4). പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 30.06.2023ന് മുമ്പായി പരസ്യപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും ആയത് പരസ്യപ്പെടുത്തിയിട്ടില്ല.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 534 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. അപേക്ഷകളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ ലഭിക്കാത്തതിനാലാണ് നടപടികൾ സ്വീകരിക്കാഞ്ഞതെന്നും 13.9.2023ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/20073/2023-REV2 സർക്കുലർ പ്രകാരം ആയത് സംബന്ധിച്ച നിർദേശങ്ങൾ ലഭിച്ചിട്ടുള്ളതിനാൽ ടി. സർക്കുലറിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ആയതിന് പത്രപ്പരസ്യം വഴി അപേക്ഷ ക്ഷണിക്കുകയും 18.9.2023ന് ഇന്റർവ്യൂ നടത്തുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3)സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |

| | |
|---|---|
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

എടപ്പറ്റ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

4)തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ കാര്യക്ഷമമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ് ) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല. റേഷൻ കടകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

5)ലൈസൻസ് ഫീസ് .

2022-23 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നായി 111700/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത് (തൻ വർഷത്തെ കളക്ഷൻ-46500/-, അഡ്വാൻസ് കളക്ഷൻ-65200/-). സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ 124 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 മാന്വൽ രസീതി ഉപയോഗത്തിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ-ചട്ടം- 20 (സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകളുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയ രസീത് ബുക്ക് നമ്പർ 7322ലെ 1 മുതൽ 7 വരെയുള്ള രസീതികളുടെ അസ്സൽ സൂക്ഷിച്ചിട്ടില്ല. രസീതികളുടെ പകർപ്പ് ആണ് സൂക്ഷിച്ചിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 33/16.9.23) അറിവില്ലായ്മ

മൂലമാണ് അപാകത സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാന്വൽ രസീതികളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് ചട്ടപ്രകാരമുള്ള നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-14 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 155/23, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | നോൺ റോഡ്<br>125000/- |
| ചെലവ് | Rs. 125000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | PF-705/ 29.10.2022 |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 21150352037801303548/ 04.03.2023 |

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 125000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 17/13.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 125000/- രൂപയുടെ മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വാഴകൃഷി വികസനം -സബ്സിഡി അധികം നൽകി.

സബ്സിഡി മാർഗ്ഗരേഖ സ.ഉ. (കൈ) നം. 115/2022/തസ്വഭവ തിയ്യതി 28.05.2022 ഖണ്ഡിക 3.1, 3.3 എന്നിവയിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ തല വികസന സമിതിയുടെ 01.7.2022 ലെ യോഗ തീരുമാനപ്രകാരം ജില്ലാ വികസന കമ്മീഷണർ 1212/2021-22/ഡി.പി.സി/ഡി.പി.ഒ/എം.പിഎം നമ്പരായി പുറപ്പെടുവിച്ച നടപടി ക്രമത്തിൽ കാർഷികനിവേശങ്ങളുടെ യൂണിറ്റ് കോസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. അയതിലെ ക്രമ നം. 6 പ്രകാരം ട്രൈക്കോഡർമാ സമ്പുഷ്ടീകരിച്ച ജൈവ വളം കിലോഗ്രാമിന് 16 രൂപയാണ് യൂണിറ്റ് കോസ്റ്റ്. എന്നാൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്റ്റുകളിൽ എടപ്പറ്റ കൃഷി ഭവൻ ഇക്കോഷോപ്പിൽ നിന്ന് ട്രൈക്കോഡർമാ സമ്പുഷ്ടീകരിച്ച ജൈവ വളം കിലോഗ്രാമിന് 20 രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ആയതിന്റെ 75 % ആയ 15 രൂപയാണ് ഗ്രാമപഞ്ചായത്ത് വിഹിതം (വികസനഫണ്ട്). പരമാവധി നൽകാവുന്ന ഗ്രാമപഞ്ചായത്ത് വിഹിതം കിലോഗ്രാമിന് 12 രൂപയാണ്. എന്നാൽ കിലോഗ്രാമിന് 3 രൂപനിരക്കിൽ അധികം തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ചെലവ് വിവരം | | ട്രൈക്കോഡർമാ സമ്പുഷ്ടീകരിച്ച ജൈവ വളം | | |
|---|---|---|---|---|---|
| | ബിൽ നമ്പർ/വൗച്ചർ നമ്പർ | തുക | ഇൻവോയിസ് നമ്പർ, | വാങ്ങിയ അളവ് (Kg) | 20/kg |
| വാഴകൃഷി വികസനം (252/23) | 22150352037500954151/24.12.22 | 453000 | 182/13.12.22 | 18724 | 374480 |
| | 22200694/ 22.12.22 | 151000 | | | |
| | 22150352037501153429/7.2.23 | 147000 | 191/30.01.23 | 6076 | 121520 |
| | 22200864/ 15.2.23 | 49000 | | | |
| തെങ്ങ് കൃഷി വികസനം (157) | 22150352037500891358/9.12.22 | 696000 | 180/11.11.22 | 40000 | 800000 |
| | 22200678/ 14.12.22 | 232000 | | | |
| വനിതാ അടുക്കളത്തോട്ടം (160) | 22150352037501004801/6.1.23 | 236250 | 186/6.1.23 | 7875 | 157500 |
| | 22200760/6.1.23 | 39375 | | | |
| | 22150352037501106142/28.1.23 | 63750 | 188/27.1.23 | 2125 | 42500 |

| | | | | | |
|---|---|---|---|---|---|
| | 22200843/3.2.23 | 10625 | | | |
| ആകെ നൽകിയ അളവ് (കിലോ ഗ്രാം) | | | | 74800 | |

ഇത് പ്രകാരം ആകെ 224400/- (74800 X 3) രൂപ അധികം നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/22-23/14.9.23) നൽകിയ മറുപടി മുകളിൽ പരാമർശിച്ച നടപടി ക്രമത്തിലെ ക്രമനമ്പർ 11 സമ്പുഷ്ട കമ്പോസ്റ്റ് വളം (ട്രൈക്കോഡർമാ ഉള്ളത്) ആണ് കർഷകർക്ക് നൽകിയത് എന്നാണ്. ഈ ഇനത്തിനു കിലോഗ്രാമിനു 25 രൂപ യൂണിറ്റ് കോസ്റ്റ് ഉണ്ട്. എന്നാൽ ഇക്കോഷോപ്പിന്റെ ഇൻവോയിസുകൾ പ്രകാരം Trichoderma Enriched Organic Manures ആണ് ലഭ്യമായിട്ടുള്ളത്. ആയതിനാൽ മറുപടി സ്വീകാര്യമല്ല. തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-16 MO (PHC) വാഹന വാടക -ആദായ നികുതി ഊടാക്കിയില്ല.

ആദായ നികുതി നിയമം 194(c) പ്രകാരം ട്രാൻസ്പോർട്ട് കോൺട്രാക്റ്റർക്ക് നൽകുന്ന തുക പ്രതിവർഷം 100000/- രൂപക്ക് മുകളിലായാൽ 1 % ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ സമഗ്ര പരിരക്ഷാ പാലിയേറ്റീവ് കെയർ (68/23) എന്ന്പ്രൊജക്റ്റിൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം ശ്രീ അജിത് പി പി എന്നയാൾക്ക് പരിരക്ഷാ ഹോം കെയർ വാഹനത്തിന്റെ വാടക നൽകിയപ്പോൾ ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. ആകെ 105600/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക |
|---|---|
| 22150352037700775972/15.11.22 | 17600 |
| 22150352037700904826/12.12.22 | 18700 |
| 22150352037700995985/5.1.23 | 18700 |
| 22150352037701186031/14.2.23 | 16500 |
| 22150352037701523613/28.3.23 | 17600 |
| 22150352037701368321/16.3.23 | 16500 |
| ആകെ | 105600 |

ആദായനികുതി(1056/-രൂപ) ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/14.9.23) നൽകിയ മറുപടിയിൽ തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-17 PHC -മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്റ്റുകളിൽ മരുന്ന് വാങ്ങുന്നതിനു KMSCL നു മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ബിൽ നമ്പർ | തുക | മരുന്ന് ലഭ്യമായതിന്റെ വിവരം | ബാലൻസ് തുക |
|---|---|---|---|---|
| പിഎച്ച്സിയിലേക്ക് മരുന്ന് വാങ്ങൽ(70/22-23) | 22150352037700312865/ 12.07.2022 | 200000 | 15ഇൻവോയിസുകൾ പ്രകാരം 185175 രൂപയുടെ മരുന്ന് ലഭിച്ചു | 14825 |
| | 22150352037701077488/ 23.1.2023 | 267000 | 10 ഇൻവോയിസുകൾ പ്രകാരം 243155 രൂപയുടെ മരുന്ന് ലഭിച്ചു | 23845 |
| കിഡ്നി മാറ്റിവെച്ച രോഗികൾക്ക് മരുന്ന് വാങ്ങൽ(70/22-23) | 22150352037700312866/ 12.07.22 | 299997 | 10 ഇൻവോയിസുകൾ പ്രകാരം 271709 രൂപയുടെ മരുന്ന് ലഭിച്ചു | 28288 |

| | | | | |
|---|---|---|---|---|
| പരിരക്ഷ പാലിയേറേറീവ് കെയർ (68) | 22150352037700775972/ 15.11.22 | 250000 | 6 ഇൻവോയിസുകൾ പ്രകാരം 225633 രൂപയുടെ മരുന്ന് ലഭിച്ചു | 24367 |

91325 രൂപയുടെ മരുന്ന് കൂടി ലഭ്യമാകാനുണ്ട് . ആയത് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/14.9.23) മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി നൽകി.

## 1-18 ഭവന നിർമ്മാണം - പ്രൊജക്റ്റ് പുരോഗതി കൈവരിച്ചില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവന നിർമ്മാണ പദ്ധതികളിലെ വീടുകളുടെ നിർമ്മാണം പുരോഗതി കൈവരിക്കുന്നില്ല എന്ന് കാണുന്നു. ഇത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | കരാർ വെച്ച ഗുണഭോക്താതാക്കൾ | ഭവന നിർമ്മാണം പൂർത്തിയാക്കിയവർ | ഒരു ഗഡു മാത്രം കൈ പറ്റിയവർ |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ജനറൽ (105/23) | 32000000 | 6440000 | 68 | 10 | 5 |
| ലൈഫ് ഭവന പദ്ധതി എസ് സി (97/23) | 12000000 | 5420000 | 27 | 3 | 2 |
| ലൈഫ് ഭവന പദ്ധതി എസ് റ്റി (96/23) | 3600000 | 1338000 | 8 | 0 | 2 |

ആദ്യ ഗഡു മാത്രം കൈപറ്റിയവർ ഭവന നിർമ്മാണം ആരംഭിച്ചുവോ എന്നും വ്യകതമല്ല. പ്രൊജക്റ്റ് നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് കാണുന്നു. എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/14.9.23) മറുപടി ലഭിച്ചിട്ടില്ല. ഭവന നിർമ്മാണ പൂർത്തീകരണ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടിവരുന്ന സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. മേൽ സർക്കുലർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവിന് ശേഷമുള്ള ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ കരാറുകാരന്റെ വീഴ്ച്ച മൂലം കാരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട്: മൈനർ ബസാർ കുടിവെള്ള പദ്ധതി വാട്ടർ ടാങ്ക് റിപ്പയർ (92/23) | |
|---|---|
| Agr.No: AE/LSGD/EDP/55/2021-22/31.03.2022 | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
| TS No. 95686/2021-22/02.03.2022<br>M.Book No: 51/21-22<br>PAC: 256564/-<br>Vr.No: 64/29.03.2023<br>സൈറ്റ് കൈമാറിയത്:31.03.2022<br>പൂർത്തീകരിക്കേണ്ട തിയ്യതി:30.06.2022 (3 മാസം)<br>പൂർത്തീകരിച്ച തിയ്യതി: 20.03.2023<br>കരാറുകാരൻ: മുഹമ്മദ് ബഷീർ ടി.കെ | 12201/-<br>[Ie, 01.07.2022 To 30.09.2022 (1%PAC)= 2566/-<br>01.10.2022 To 31.12.2023 (2%PAC)= 5131/-<br>01.01.2023 To 20.03.2023 (2%PAC)= 4504/-]<br>[കുറിപ്പ്: പ്രവൃത്തി തുടങ്ങിയത് 30.12.22 & പൂർത്തീകരിച്ചത് 20.03.2023] |

പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലം ജി.എസ്.ടി കോംമ്പൻസേഷനിൽ ഉണ്ടായ വർദ്ധനവ് കൂടി കരാറുകാരന് നൽകേണ്ടി വന്നിട്ടുണ്ട് (12% പകരം 18%). ഫൈൻ ഇനത്തിൽ ഈടാക്കേണ്ട തുക കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. ഫൈൻ ഇനത്തിൽ ഈടാക്കേണ്ട 12201/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേൽ പരാമർശത്തിന് ലഭിച്ച മറുപടിയിൽ (Enquiry Number : 36/18-09-2023) തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ലൈബ്രറി സെസ്സ് അടവാക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം ) ആക്ട് , 1989ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൌൺസിലിന് നൽകേണ്ടതാണ്. സർക്കുലർ നം. 17263/ഘ3/തസ്വഭവ തിയതി. 29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കേണ്ടതാണെന്ന് നിർദേശിച്ചി ട്ടുണ്ട്.ആയത് പാലിക്കപ്പെട്ടതായികാണുന്നല്ല.
വൗച്ചർ നം 22200093/21.5.22 പ്രകാരം 237495/-രൂപ താഴെപ്പറയും പ്രകാരം ലൈബ്രറി സെസ്സ് അടവാക്കിയിട്ടുണ്ട്

| വർഷം | തുക |
|---|---|
| 2020-21 (I&II HALF) | 113378 |
| 2021-22 (I&II HALF) | 124117 |
| ആകെ | 237495 |

പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്കിലെ ഷെഡ്യൂൾ B-9 പ്രകാരം 105093 /- രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. പിരിച്ചെടുത്ത തുക നാളിത് വരെ അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനും തുക കൃത്യസമയത്ത് ഒടുക്കിയില്ലെങ്കിൽ സെക്രട്ടറിയുടെ നഷ്ടോത്തരവാദിത്വത്തിൽ പിഴ അടവാക്കേണ്ടതും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുകയും ചെയ്യുന്നതാണ് എന്ന് കാണിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:3/22-23/11.9.23) നിലവിൽ സർക്കാർ നിർദ്ദേശം പാലിച്ച് തുക അടവാക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ സർക്കാർ നിർദ്ധേശം പാലിക്കേണ്ടതാണ്.

## 1-21 ഡപ്പോസിറ്റ് /മുൻകൂർ നൽകൽ -വിനിയോഗ വിവരം ലഭ്യമാക്കണം

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക/ബിൽ നം (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 14/23- | 2022-23 | KSEB | 54280/- | CFC | വിനിയോഗ | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി എൽ.ടി ലൈൻ വലിക്കൽ | | | 36/22-23 /6.7.22 | | വിവരം ലഭ്യമാക്കിയിട്ടുണ്ട് | |
| 2 | 136/23 -സ്ട്രീറ്റ് മെയിൻ വലിക്കൽ | 2022-23 | KSEB | 230000/- 188/12.12.22 | പ്ലാൻ | വിനിയോഗ വിവരം ലഭ്യമാക്കി | 0 |
| 3 | 5/23-സ്ട്രീറ്റ് മെയിൻ വലിക്കൽ | 2022-23 | KSEB | 215000 404/24.3.23 | CFC | വിനിയോഗ വിവരം ലഭ്യമല്ല | 215000 |
| 4 | 2/23-സ്ട്രീറ്റ് മെയിൻ വലിക്കൽ | 2022-23 | KSEB | 168911 300/11.11.22 | CFC | വിനിയോഗ വിവരം ലഭ്യമല്ല | 168911 |
| 5 | 8/23-ത്രീഫേസ് വലിക്കൽ | 2022-23 | KSEB | 157440 16/22.2.23 /2.6.22 | CFC | വിനിയോഗ വിവരം ലഭ്യമല്ല | 157440 |

ഇത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:5/22-23/13.9.23)ക്രമ നം:1,2 എന്നിവയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കിയുള്ളതിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതും തുക തിരികെ ലഭിച്ചുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-22 എസ്.എസ്.കെ വിഹിതം നൽകൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്റ്റ് മുഖേന താഴെ പറയും പ്രകാരം ₹ 200000 State Project Director SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| 99/23-എസ്.എസ്.കെതുക അടവാക്കൽ (ജനറൽ) | 200000 | 81/22-23/14.9.22 (വികസനഫണ്ട്,ജനറൽ) |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 പ്രകാരം

1. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്റ്റ് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.
2. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്റ്റിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാക്റ്റ് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്ന കൃത്യമായി നല്കണം.

പ്രൊജക്റ്റ് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.
- വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (നം:6/22-23/11.9.23) വിനിയോഗ വിവരം ലഭ്യമാക്കിയിട്ടുണ്ട് .എന്നാൽ മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കൽ -പദ്ധതി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

തദ്ദേശ സ്വയം വകുപ്പ് ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം DB3/753/2013/CE/LID&EW തി.10.11.2022 ,പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ 31.10.2022 ലെ സർക്കുലർ നം.PAN/3173/2021-റ1(DP) എന്നിവ പ്രകാരം 30.11.2022 നകം R -Track Data Collection And Processingപൂർത്തികരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് വേണ്ടി KSREC (Kerala State Remote Sensing And Environment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ് ഫോം വഴിയും R-Track മൊബൈൽ ആപ്ലിക്കേഷൻ വഴിയും ആണ് പദ്ധതി നടപ്പിലാക്കുന്നത് .ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം ഇക്കാര്യത്തിലേക്കായി പ്രൊജക്ട് നമ്പർ 126/23 ൽ വകയിരുത്തി 300000/- രൂപ വകയിരുത്തിയത് ചെലവഴിച്ചിട്ടില്ല.നാളിതുവരെയായി R-track Mobile Application വഴി റോഡുകളുടെ വിവര ശേഖരണം,റോഡ് & ഫുട്പാത്ത് മാപ്പിംഗ് എന്നിവയും പൂർത്തീകരിച്ചിട്ടില്ല..ശേഖരിച്ച വിശദാംശങ്ങളുടെ പരിശോധനയും പൂർത്തീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:7/22-23/11.9.23)തുടർ നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-24 എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

താഴെപ്പറയുന്ന 2 പ്രൊജക്ടുകളിലായി പഞ്ചായത്തിലെ 2എസ്.സി കോളനികളിൽ മിനിമാസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്

| | | | |
|---|---|---|---|
